(ബി) ആരോഗ്യ വകുപ്പിന്റെ ഫീൽഡ്തല ഉദ്യോഗസ്ഥർ ഇത്തരം സ്ഥാപനങ്ങൾ കൂടെക്കൂടെ സന്ദർശിക്കുകയും പരിശോധന നടത്തുകയും പകർച്ചവ്യാധികൾക്കും മറ്റുമുള്ള സാഹചര്യങ്ങൾ കാണുന്നുവെങ്കിൽ പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് കൊടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഈ വർഷം സേഫ് കേരളയുടെ ഭാഗമായി 28-8-2014-ൽ സംസ്ഥാനത്തുടനീളം 3680 ആരോഗ്യവകുപ്പ് ജീവനക്കാർ 4278 പ്രൈവറ്റ് സ്ഥാപനങ്ങളിൽ (ക്ലിനിക്കൽ ലാബുകൾ, എക്സ്റേ യൂണിറ്റുകൾ, സ്കാനിംഗ് സെന്ററുകൾ ഉൾപ്പെടെ) പരിശോധന നടത്തി, 120 സ്ഥാപനങ്ങൾ അടച്ചുപൂട്ടി, 1121 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി, 24 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചു. എല്ലാ ജില്ലകളിലും തുടർ പരിശോധനകൾ നടത്തി.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേക്കായി "ദി കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ" എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ എന്നിവയുടെ മേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതാണ് എന്ന് കരുതുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് നടപടി

9 (716) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി എത്ര എം.ആർ.എ. സ്കാനിംഗുകളും സി.റ്റി. സ്കാനിംഗുകളും നടത്തി വരുന്നു ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനക്ഷമമായ എത്ര എം.ആർ.ഐ. സ്കാനറുകളും സി.റ്റി. സ്കാനറുകളും നിലവിലുണ്ട് ;

(സി) ഗുരുതരമായ രോഗം ബാധിച്ചവർക്കുപോലും മാസങ്ങൾ കാത്തിരുന്നതിനു ശേഷം മാത്രമാണ് പ്രസ്തുത സ്കാൻ പരിശോധനകൾ ലഭ്യമാകുന്നതെന്ന യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃത്യമായ രോഗനിർണ്ണയം യഥാസമയം നടത്താൻ സാധിക്കാത്തതുമൂലം പാവപ്പെട്ട രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുവർഷം ശരാശരി 6000 എം.ആർ.ഐ സ്കാനിംഗുകളും 36000 സി.റ്റി. സ്കാനിംഗുകളും നടത്തിവരുന്നു.

(ബി) എ.ആർ.ഐ. സ്കാൻ മെഷീൻ - 1

സി.റ്റി. സ്കാൻ മെഷീൻ - 2

(സി) അടിയന്തരമായി എം.ആർ.ഐ., സി.റ്റി. സ്കാൻ പരിശോധന വേണ്ടി വരുന്ന രോഗികൾക്ക് അഡ്മിറ്റ് ചെയ്യുന്ന ദിവസമോ തൊട്ടടുത്ത ദിവസമോ തന്നെ ആയത് നടത്തിവരുന്നുണ്ട്.

(ഡി സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും മെഡിക്കൽ കോളേജിൽ ലഭ്യമായ രോഗനിർണ്ണയവും ചികിത്സകളും നൽകുന്നുണ്ട്.

(ഇ) പുതുതായി ഒരു എം.ആർ.ഐ. സ്കാൻ മെഷീനും രണ്ട് സി.റ്റി സ്കാൻ മെഷീനുകളും സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

അട്ടപ്പാടിയിലെ ആശുപത്രികൾ

10(717) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ നിലവിൽ എത്ര PHC, CHC-കളാണുള്ളത്, എവിടെയെല്ലാം ;

(ബി) പ്രസ്തുത ആശുപത്രികളിൽ സൃഷ്ടിച്ചിട്ടുള്ള, ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly